# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/201/2016 **പത്രക്കുറിപ്പ്** 2016 സെപ്തംബർ 20

### എം.ജി ബിരുദാനന്തര ബിരുദ ഏകജാലകം രണ്ടാം ഘട്ട അലോട്മെന്റ്: ഓപ്ഷനുകൾ 22 വരെ പുനഃക്രമീകരിക്കാം

സെപ്തംബർ 24ന് നടക്കുന്ന പി.ജി പ്രവേശനത്തിന്റെ രണ്ടാം അലോട്മെന്റിന് പരിഗണിക്കപ്പെടുന്നതിനായി അപേക്ഷകർക്ക് തങ്ങൾ നേരത്തെ നൽകിയ ഓപ്ഷനുകൾ പുനഃക്രമീകരിക്കുവാൻ സെപ്തംബർ 22 ന് വൈകിട്ട് 5 മണി വരെ സൗകര്യം ഉണ്ടായിരിക്കും. അപേക്ഷകർക്ക് തങ്ങളുടെ ആപ്ലിക്കേഷൻ നമ്പർ, പാസ് വേഡ് ഇവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഓപ്ഷനുകളിൽ ആവശ്യമായ പുനഃക്രമീകരണം നടത്താം. എന്നാൽ പുതുതായി കോളജുകളോ, പ്രോഗ്രാമുകളോ കൂടുതലായി കൂട്ടിച്ചേർക്കുവാൻ ഈ ഘട്ടത്തിൽ സാധിക്കുകയില്ല.

### ഓഫ് കാമ്പസ് പ്രാക്ടിക്കൽ പരീക്ഷ

ഒന്ന് മുതൽ നാല് വരെ സെമസ്റ്റർ ബി.എ ആനിമേഷൻ ആന്റ് ഗ്രാഫിക് ഡിസൈൻ (2012 മുതലുള്ള അഡ്മിഷൻ സി.ബി.സി.എസ്.എസ് റഗുലർ/സപ്ലിമെന്ററി, ഒന്ന് മുതൽ നാല് വരെ സെമസ്റ്റർ 2012ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഓഫ് കാമ്പസ് ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ചങ്ങനാശ്ശേരി സെന്റ് ജോസഫ് കോളജ് ഓഫ് കമ്യൂണിക്കേഷനിൽ വച്ച് സെപ്തംബർ 26 മുതൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും. വിദ്യാർത്ഥികൾ ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയുമായി രാവിലെ 9 മണിക്ക് ഹാജരാകണം.

### അഞ്ചാം സെമസ്റ്റർ യു.ജി: അപേക്ഷാ തീയതി നീട്ടി

അഞ്ചാം സെമസ്റ്റർ യു.ജി (സി.ബി.സി.എസ്.എസ്) ഡിഗ്രി പരീക്ഷകൾക്ക് 500 രൂപ സൂപ്പർഫൈനോടെ അപേക്ഷിക്കുവാനുള്ള അവസാന തീയതി സെപ്തംബർ 22 വരെയായി നീട്ടി.

### പ്രാക്ടിക്കൽ പരീക്ഷ

രണ്ടാം സെമസ്റ്റർ ബി.സി.എ, ബി.എസ്.സി കംപ്യൂട്ടർ ആപ്ലിക്കേഷൻ (സി.ബി.സി.എസ്.എസ് – 2015 അഡ്മിഷൻ റഗുലർ, 2014 ആന്റ് 2013 അഡ്മിഷൻ റീ അപ്പിയറൻസ്, 2013ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ സെപ്തംബർ 29, 30 തീയതികളിൽ അതത് സെന്ററുകളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

### പ്രാക്ടിക്കൽ പരീക്ഷ

ഒന്നാം വർഷ എം.ഫാം (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്തംബർ 28 മുതൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

### പരീക്ഷാ ഫലം

2016 ഏപ്രിൽ /മെയ് മാസങ്ങളിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർബി.പി.എഡ് (സപ്ലിമെന്ററി മാത്രം) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 1 വരെ അപേക്ഷിക്കാം.

### പി.ജി: ഇന്റേണൽ മാർക്ക് അപ് ലോഡ് ചെയ്യണം

രണ്ടാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ഇന്റേണൽ മാർക്കുകൾ യൂണിവേഴ്സിറ്റി പോർട്ടലിൽ അപ് ലോഡ് ചെയ്യുന്നതിനുള്ള അവസാന തീയതി സെപ്തംബർ 22 (വ്യാഴാഴ്ച) 5 മണി വരെയായി ദീർഘിപ്പിച്ചു.

### എം.സി.എ പ്രവേശനം

സ്കൂൾ ഓഫ് ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസസിന്റെ എം.സി.എ ഡിഗ്രി കോഴ്സിന് വിവിധ സെന്ററുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9446302066 (പത്തനംതിട്ട), 9447180151 (ഇടപ്പള്ളി), 9447063153 (കോട്ടയം)

## എം.എ ജെ.എം.സി ക്ലാസ്
സ്കൂൾ ഓഫ് കമ്യൂണിക്കേഷൻ ആന്റ് ജേർണലിസം നടത്തുന്ന എം.എ ജെ.എം.സി കോഴ്സിന്റെ പുതിയ ബാച്ച് വിദ്യാർത്ഥികളുടെ ക്ലാസ് സെപ്തംബർ 22ന് (നാളെ) ആരംഭിക്കും.

## പ്രൊഫഷണൽ പി.ജി സീറ്റൊഴിവ്
സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന എം.എസ്.സി മെഡിക്കൽ ബയോകെമിസ്ട്രി, എം.എസ്.സി ബയോമെഡിക്കൽ ഇൻസ്ട്രമെന്റേഷൻ കോഴ്സുകൾക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ അഡ്മിഷൻ സെല്ലുമായി ബന്ധപ്പെടുക. ഫോൺ: 0481-6061012, 6061014.

## എസ്.എം.ഇ യു.ജി ക്ലാസുകൾ 26 മുതൽ
എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന എല്ലാ യു.ജി കോഴ്സുകളുടെയും ക്ലാസുകൾ സെപ്തംബർ 26ന് ആരംഭിക്കും. അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ രക്ഷിതാക്കളോടൊപ്പം അഡ്മിറ്റ് കാർഡുമായി രാവിലെ 10 മണിക്ക് അതാത് സെന്ററുകളിൽ എത്തിച്ചേരണം. ഫോൺ: 0481-6061012, 6061014.

## ന്യൂനപക്ഷ സ്കോളർഷിപ്പിന് അപേക്ഷിക്കാം
സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷനിൽ 2016-17 അദ്ധ്യയന വർഷം യു.ജി./പി.ജി കോഴ്സുകളിൽ അഡ്മിഷൻ എടുത്ത ന്യൂനപക്ഷ സ്കോളർഷിപ്പിന് അർഹതയുള്ള വിദ്യാർത്ഥികൾ സ്കോളർഷിപ്പിനായി സെപ്തംബർ 30നകം ഓൺലൈൻ രജിസ്ട്രേഷൻ നടത്തണം. കൂടുതൽ വിവരങ്ങൾക്ക് വെബ് സൈറ്റ്: www.scholarships.gov.in, ഫോൺ: 0481-6061021.

## ദേശീയ ശില്പശാല
എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് ബയോസയൻസസ് നടത്തുന്ന "അഡ്വാൻസ്ഡ് സ്റ്റാറ്റിസ്റ്റിക്കൽ ടൂൾസ് ആന്റ് സോഫ്റ്റ് വെയർസ് ഫോർ ബയോളജിക്കൽ റിസർച്ച്" (എ.എസ്.എസ്.ബി) ദേശീയ ശിൽപശാല സെപ്തംബർ 27 മുതൽ ഒക്ടോബർ 1 വരെ. രജിസ്ട്രേഷൻ - ഫോൺ 9447030243.

## ഏകദിന സെമിനാർ: മാസ്സീവ് ഓൺലൈൻ ഓപ്പൺ കോഴ്സ് (MOOC)
എം.ജി സർവ്വകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ മാസ്സീവ് ഓൺലൈൻ ഓപ്പൺ കോഴ്സുകളെക്കുറിച്ചുള്ള ഏകദിന ശില്പശാല സെപ്തംബർ 22ന് നടത്തും. ആഗോളതലത്തിലുള്ള വിവിധ യൂണിവേഴ്സിറ്റികൾ നടത്തുന്ന ഓൺലൈൻ കോഴ്സുകളെക്കുറിച്ചുള്ള വിവരങ്ങൾ മോക് കോഴ്സ് നടത്തുന്ന വിധം എന്നിവ വിശദമായി ചർച്ച ചെയ്യുന്ന പ്രസ്തുത ശില്പശാലയിൽ വിദ്യാർത്ഥികൾ, ഗവേഷകർ, അദ്ധ്യാപകർ, വിദ്യാഭ്യാസ വിദഗ്ധർ എന്നിവർക്ക് പങ്കെടുക്കാം. ഓൺലൈൻ കോഴ്സുകൾ നടത്തുവാൻ താൽപര്യമുള്ള സ്ഥാപനങ്ങൾക്കും പ്രയോജനപ്രദമായ രീതിയിലാണ് ശില്പശാല നടത്തുന്നത്. ഫീസ് 200 രൂപ. വിലാസം - ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസ്, സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസ് ബിൽഡിംഗ്, എം.ജി സർവ്വകലാശാല, പി.ഡി.ഹിൽസ്, കോട്ടയം. ഫോൺ 0481-2731580, 9846735917, 9495213248.

## എം.ജി വി.സിയ്ക്ക് ദേശീയ അവാർഡ്
കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റിയുടെ എജ്യൂക്കേഷൻ എക്സലൻസ് അവാർഡിന് മഹാത്മാ ഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ തെരഞ്ഞെടുക്കപ്പെട്ടു. ഉന്നത വിദ്യാഭ്യാസ രംഗത്ത് ആസൂത്രണം, ഗവേഷണം, ഭരണ നിർവ്വഹണം, സുസ്ഥിര വികസനം, വിദ്യാർത്ഥി സൗഹൃദ പ്രവർത്തനം മുതലായ മേഖലകളിലെ ശ്രദ്ധേയമായ സംഭാവനകളെ അടിസ്ഥാനപ്പെടുത്തിയാണ് ദേശീയ തലത്തിലുള്ള അവാർഡിന് അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടത്. ലോക അദ്ധ്യാപക ദിനമായ ഒക്ടോബർ 5ന് കൊൽക്കത്തയിലെ സയൻസ് സിറ്റി ഓഡിറ്റോറിയത്തിൽ പ്രഗത്ഭ വ്യക്തികൾ പങ്കെടുക്കുന്ന ചടങ്ങിൽ വെച്ച് വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യന് അവാർഡ് സമ്മാനിക്കും.

അടിക്കുറിപ്പ്
മഹാത്മാ ഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)